# UP മലയാളം മാസ്റ്റർ പ്ലാൻ

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>അക്ഷരങ്ങളും പദങ്ങളും വരുന്ന ഭാഷാകേളി വളർത്തുന്നു.<br>വാക്കുകളിൽ നിന്നു വാക്യത്തിലേക്ക്. | ജൂൺ മാസം<br>" | മലയാളം അധ്യാപകർ<br>" | |
| 2. പഠിതാവിൽ അർത്ഥ പൂർണ്ണമായ വായ ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക്<br>പത്രം, മാസികകൾ, ആഴ്ചപ്പതിപ്പ്, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ചെയ്യുന്നു.<br>വാർത്താവായന | എല്ലാ ദിവസവും | " | |
| 3. സർഗ്ഗശേശി വളർത്തുക | സംവാദം, മുഖാമുഖം എന്നിവ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | മലയാളം അധ്യാപകർ ഹെഡ്മിസ്ട്രസ്സ് | മലയാളം ക്ലബ്ബ് |
| 4. മലയാളം കമ്പ്യൂട്ടറിന് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗശേഷി വളർത്തലും | ഇ- കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടർ പരിശീലനം നടത്തുക | രണ്ട് വർഷം | മലയാളം ഐടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | പി.ടി.എ | പി.ടി.എ |
| 6. വാർത്താവതരണം | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പടിപാടികൾ അവതരിപ്പിക്കുന്നു, പുസ്തകാസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവധ ക്ലബ്ബുകൾ |
| 7. അണുവർഷത്തിനുള്ളിൽ ട്യൂഷൻ സംവിധാനത്തിന് വിരാമം. | സ്കൂൾ സിലബസിനു പുറമേ കൂടുതൽ അറിവ് ലഭിക്കുന്നതിന് വിദഗ്ദ്ധരിൽ നിന്നും പരിശീലനം (ഗണിത്, സയൻസ്) | അവധിക്കാലം | പി.ടി.എ. ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

# മേഖല - UP [English] MASTER PLAN
# St. Michaels HSS Pravithanam

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. Communication Skill വളർത്തുക | * Spoken English Class | അവധി ക്കാലം / ശനിയാഴ്ച | P.T.A, Teachers | P.T.A., Manage-ment |
| 2. English-ൽ ഉള്ള ആവി ഷ്ക്കാരങ്ങൾക്ക് അവ സരം ഒരുക്കുക. | * പഠനഭാഗവുമായി ബന്ധ പ്പെട്ട സിനിമകൾ, ഡോക്യുമെന്ററികൾ എന്നിവ പ്രദർശിപ്പിക്കുക. | ക്ലാസ്റൂം പ്രവർത്തന ത്തിനൊപ്പം | English Teachers | English Club |
| 3. Reading Skill വർദ്ധി പ്പിക്കുക. | * വായനാ മത്സരങ്ങൾ നട ത്തുക. | ക്ലാസ്റൂം പ്രവർത്തന ത്തിനൊപ്പം | English Teachers | English Club |
| 4. Skit അവതരണം | * പാഠഭാഗവുമായി ബന്ധ പ്പെട്ട Skit തയ്യാറാക്കി അവതരിപ്പിക്കുക. | ക്ലാസ്റൂം പ്രവർത്തന ത്തിനൊപ്പം | ഇംഗ്ലീഷ് ക്ലബ്ബ് | P.T.A., English Club |
| 5. കവിതാലാപനത്തിനും, കവിതാ രചനയ്ക്കും പ്രാധാന്യം നൽകുക. | * കവിതകൾ ചൊല്ലിക്കുക<br>* രചനകൾ പ്രദർശനം നട ത്തുക. | ക്ലാസ്റൂം പ്രവർത്തന ത്തിനൊപ്പം | SRG, P.T.A., English Teachers | English Club |
| 6. Writing Skill വർദ്ധി പ്പിക്കുക. | * വായനാ മത്സരങ്ങൾ | അക്കാദമിക വർഷത്തിൽ ഒരിക്കൽ | English Club | PTA, Manage-ment |
| 7. Spelling improve ചെയ്യുക | * Spell bee പോലുള്ള games നടത്തുക. | അക്കാദമിക വർഷത്തിൽ ഒരിക്കൽ | English Club | English Teachers |
| 8. കുട്ടികൾക്ക് English language-നോട് താൽപര്യം ഉണ്ടാക്കുക. | * Language games | ക്ലാസ് റൂം പ്രവർത്തന ത്തിനൊപ്പം | English Club, English Teachers | English Club |

# മാസ്റ്റർ പ്ലാൻ
# UP - HINDI
# 2025-2026

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും, സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ

Slow Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കാൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>* അക്ഷരമാല കളികൾ<br>* വാക്കുകൾ നിർമ്മാണം | June to August | അക്ഷര ചാർട്ട്, പാഠപുസ്തകം | ഹിന്ദി അധ്യാപകർ |
| 2. വീട് ഒരു പരീക്ഷണശാല. കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുന്നു. | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെ വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കൽ | September October | ഹിന്ദി നിഘണ്ടു | ഹിന്ദി അധ്യാപകർ രക്ഷകർത്താക്കൾ |
| 3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | * ഹിന്ദി അസംബ്ലി (സെപ്റ്റംബർ 14, ജനുവരി 10)<br>* ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>* ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ<br>* ചിത്രം - കഥപറയൽ<br>* ക്ലാസ് ലൈബ്രറി | November to February | പുസ്തകങ്ങൾ | ഹിന്ദി അധ്യാപകർ |

**ദൈനംദിന പ്രവർത്തനങ്ങൾ**

* പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക.
* ഹിന്ദിയിൽ സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുക.
* ഓരോ ക്ലാസിലും ഹിന്ദി വായിപ്പിക്കുക.
* ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക.
* ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈവനംദിന അവതരണം, ഹിന്ദിയിൽ ചെറിയ പ്രസംഗം പരിശീലിപ്പിക്കുക.

# മാസ്റ്റർ പ്ലാൻ
## UP - Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ പാർക്ക്** ഔഷധത്തോട്ടം, പച്ചക്കറി ത്തോട്ടം, പൂന്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ, സയൻസ് ക്ലബ്ബ്, ഹരിത ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | മാനേജ്മെന്റ് പി.റ്റി.എ |
| | **Field Trip & Documentation** വിവിധ ആവാസവ്യവസ്ഥകളെ നേരിട്ടു സന്ദർശിക്കുക. ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം നമുക്ക് ചുറ്റുപാടുമുള്ള ആവാസവ്യവസ്ഥകളിൽ വന്ന മാറ്റങ്ങൾ മനസ്സിലാക്കൽ. | ഓഗസ്റ്റ് | ശാസ്ത്രാദ്ധ്യാപകർ, സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **നിരീക്ഷണ പരീക്ഷണങ്ങൾ** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ മുന്നോട്ടു നീങ്ങുന്നു. പഠിച്ച ശാസ്ത്രതത്വങ്ങളെ പ്രായോഗികതലത്തിൽ പ്രയോജനപ്പെടുത്തുവാനുള്ള പ്രാവീണ്യവും , തന്മയത്വവും കൈവരുന്ന വിധമുള്ള ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. | ജൂലൈ | ശാസ്ത്രാദ്ധ്യാപകർ | |
| 2. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | * ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ, വിവിധ ക്ലബ്ബുകൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | * സ്കൂൾ ലാബിലെ ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവയുടെ പ്രദർശനം.<br>* കുട്ടികളിൽ ശാസ്ത്രാവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി.<br>* നൂതന ഗവേഷണ കണ്ടെത്തലുകളെ കുട്ടികൾക്ക് പരിചയപ്പെടുത്തൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3. Health and Hygiene awareness | * ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെ സഹായം തേടി ക്ലാസുകൾ നൽകുന്നു. | ഓഗസ്റ്റ് | ഹെൽത്ത് ക്ലബ്ബ്, ശാസ്ത്രാധ്യാപകർ | |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കാൻ | * ഇലക്ട്രോണിക്, റോബോട്ടിക് സാധ്യതകളെ പരിചയപ്പെടുത്തുന്നു.<br>* വിദഗ്ദ്ധരുടെ ക്ലാസുകൾ/ Workshop | അക്കാദമിക വർഷം | ഗണിതശാസ്ത്രാധ്യാപകർ | |

# മാസ്റ്റർ പ്ലാൻ
## UP - Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളിൽ ചരിത്രാവബോധം ജനിപ്പിക്കുക. ചരിത്രാവബോധത്തിൽ നിന്ന് ഭാവി രൂപപ്പെടുത്തുക. | * ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പുകൾ നടത്തുക. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തപ്പെടുന്നു. പ്രത്യേക ദിവസങ്ങളിൽ വ്യത്യസ്ഥ ക്ലാസുകൾക്ക് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| 2. ജനാധിപത്യശൈലി വളർത്തുക. പരസ്പരബോധം, മൂല്യബോധം എന്നിവ കരുപ്പിടിപ്പിക്കുക. | * സ്കൂൾ പാർലമെന്റ്, സാമൂഹ്യസേവന പ്രവർത്തനങ്ങൾ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ. | അക്കാദമിക വർഷത്തിലെ നിയുക്ത തിയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ മാനേജ്മെന്റ് |
| 3. പരീക്ഷണ നിരീക്ഷണപാടവം വളർത്തുക.മതേതരത്വം, സഹിഷ്ണുത വളർത്തുക. | * സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. കൗതുക കാഴ്ചയുണർത്തുന്ന മറ്റു പ്രവർത്തനങ്ങൾ നടത്തുക | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ., മാനേജ്മെന്റ് |
| | * സർവ്വെ, പ്രൊജക്ട്, സംവാദം, ക്ലാസുകൾ, അഭിമുഖം മുതലായവ നടത്തുന്നു. | വർഷം ഉടനീളം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 4. ഭൂപടവായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക. | * അറ്റ്ലസ്, മാപ്പ്, ഗ്ലോബ് ICT ഇവയുടെ ഉപയോഗത്തിലൂടെ ഭൂപടസംബന്ധമായ കൂടുതൽ പ്രവർത്തനങ്ങളിലേർപ്പെടുന്നു. | അക്കാദമിക വർഷം മുഴുവനും | സോഷ്യൽ സയൻസ് അധ്യാപകർ | പി.ടി.എ. |
| 5. പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | * ക്വിസ് മത്സരങ്ങളും, സംവാദങ്ങളും സംഘടിപ്പിക്കുന്നു. പ്രൊജക്ട് റൂം ഒരുക്കുന്നു. | അക്കാദമിക വർഷം ഉടനീളം | സോഷ്യൽ സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| 6. വ്യത്യസ്തയിനം മണ്ണുകൾ, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെ പരിചയപ്പെടുക. | * വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ കണ്ടും കേട്ടും തൊട്ടും പഠനം രസകരമാക്കാനുള്ള സൗകര്യമൊരുക്കുന്നു. (ചരിത്രകൊട്ടാരം നിർമ്മിക്കുന്നു) | അക്കാദമിക വർഷം മുഴുവനും | സോഷ്യൽ സയൻസ് അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, സുമനസ്സുകൾ |

# മാസ്റ്റർ പ്ലാൻ
## യു. പി. – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | * പട്ടിക എഴുതുന്നു. മനപാഠമാക്കുന്നു. അടിസ്ഥാനഗണിതക്രിയകൾ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ |
| 2. ഗണിതം രസകരമാക്കുക | * ജ്യാമിതീയ പാറ്റേൺ നിർമ്മാണം, വിവിധ രൂപങ്ങളുടെ നിർമ്മാണം, ഗണിത പസിൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകൻ |
| 3. ഗണിതം മധുരമാക്കാൻ | * Maths Exhibition | വർഷത്തിൽ ഒരു തവണ | ഗണിതക്ലബ്ബ് |
| 4. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് ആവശ്യമായ സഹായങ്ങൾ നൽകുന്നു. | എല്ലാ ദിവസവും | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ |
| 5. ഗണിതത്തിൽ താല്പര്യം വർദ്ധിപ്പിക്കുക. | * ഗണിതപഠനം കൊണ്ട് ദൈനംദിന ജീവിതത്തിൽ ലഭിക്കുന്ന നേട്ടങ്ങൾ കണ്ടെത്തുന്നു.<br>* പ്രകൃതിയിലെ ഗണിതം കണ്ടെത്തുന്നു. | എല്ലാ ദിവസവും | കുട്ടികൾ |
| 6. ആധുനിക ശാസ്ത്രസാങ്കേതിക സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തി ഗണിതം കുട്ടികളിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |

# ഹൈസ്കൂൾ മലയാളം (മാസ്റ്റർ പ്ലാൻ)

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * പ്രീടെസ്റ്റ്<br>* അക്ഷരം ഉറപ്പിക്കൽ<br>* അടയാളം ഉറപ്പിക്കൽ<br>* വായനകാർഡ് നൽകൽ<br>* വാക്യങ്ങൾ നിർമ്മിക്കൽ<br>* ചിത്രം - അടിക്കുറിപ്പ് തയ്യാറാക്കൽ<br>* പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സുകൾ | 2 മാസം (ആഗസ്റ്റ്, സെപ്തം) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ<br>അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* പത്രവായന<br>* വായനാനുഭവം<br>* വായനകുറിപ്പ്<br>* എഴുത്തുകൂട്ടം രൂപീകരിക്കൽ<br>* വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>പത്രങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | പി.ടി.എ<br>അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | * എഴുത്തുകൂട്ടം രൂപീകരിക്കൽ<br>* വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>* ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>* സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>* വ്യക്തിരചന, സംഘരചന സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ | മലയാള ഭാഷാ അദ്ധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | * പ്രസംഗപരിശീലന കളരി<br>* മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കൽ<br>* പ്രസംഗം തയ്യാറാക്കൽ<br>* പ്രസംഗം അവതരിപ്പിക്കാനുള്ള വേദി ഒരുക്കൽ | 6 മാസം (ജൂലൈ മുതൽ ഡിസംബർ വരെ) | ഓഡിയോ<br>വീഡിയോ | ട്രെയിനർ<br>അദ്ധ്യാപകർ |

## മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ് MASTER PLAN
## St. Michaels HSS Pravithanam

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | * Spoken English Class<br>* English Library നവീകരണം<br>* English Corner Story Time<br>* English Cartoon പ്രദർശനം<br>* English Assembly | അവധി ക്കാലം/ ശനിയാഴ്ചകൾ | പി.ടി.എ., ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക. | * Cinema & Documentary - Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്, മാനേജ്മെന്റ് |
| | * Role Play, English Day ആചരണം, Seminar, ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയാഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്ക്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അദ്ധ്യാപകർ | പി.ടി.എ., ഇംഗ്ലീഷ് ക്ലബ് |
| 3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | * School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| 4. നാടകീകരണം | * English Assembly, Skit, Puppet Show, English Lab | ക്ലാസ്റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | * പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | * ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | ക്ലാസ് പ്രവർത്തന ങ്ങൾ | ടീച്ചേർസ്, പി. ടി.എ. SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | * കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ച കൾ | ടീച്ചേർസ്, പി. ടി.എ., SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | * പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുന്നു. ബുക്ക് Reviews രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ടുപ്രാവശ്യം | ഇംഗ്ലീഷ് അദ്ധ്യാപകർ | പി.ടി.എ., മാനേജ്മെന്റ് |
| 6. സാങ്കേതിക വിദ്യാഭ്യാസ സാദ്ധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | * പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി. ടി.എ., SRG | പി.ടി.എ., SRG, മാനേജ്മെന്റ് |
| | * English fest, English Film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7. സംവാദസദസ്സുകൾ സംഘടിപ്പിക്കുക. | * Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ / വെക്കേഷൻ<br>അക്കാദമിക വർഷം രണ്ടു തവണ | ടീച്ചേർസ്, പി.ടി.എ., SRG കൾ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## H.S. - HINDI

**പൊതുവായ ലക്ഷ്യങ്ങൾ**

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾഡ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുന്നു.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.
* മാതൃഭാഷയെപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
* വിവർത്തകർ, വാർത്തവായനക്കാർ തുടങ്ങിയ ജോലി സാദ്ധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | * അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>* ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ |
| 2. ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br><br>3. വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | * കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ദീർഘം |

**ഒമ്പതാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലിപ്പിക്കുന്നു. | * വർക്ക് ഷീറ്റുകൾ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| 2. നാമം, സർവ്വനാമം, വിശേഷം എന്നിവ മനസ്സിലാക്കുന്നു. | * ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| 3. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു. | * കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു. | |
| 4. പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. | * പോസ്റ്ററിന്റെ മോഡൽ നൽകുന്നു. | ദീർഘം<br>ഡിസംബർ - നവംബർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**പത്താം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | * സംഭാഷണം തയ്യാറാക്കാൻ പറയുന്നു.<br>* ഡയറിക്കുറിപ്പ് എഴുതിക്കുന്നു. | ജൂൺ - ജൂലൈ |
| 2. സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷസമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | * പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| 3. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു.<br>കഥയെ തിരക്കഥയാക്കി മാറ്റുവാനറിയുന്നു. | * പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>* പത്രക്കുറിപ്പ് (വാർത്ത) തയ്യാറാക്കിക്കുന്നു. | നവംബർ - ജനുവരി |

**പൊതുവായ പ്രവർത്തനങ്ങൾ**

* കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു.
* പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.
* ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കുക.
* ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക.
* പ്രശസ്ത ജേണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുക.

# മാസ്റ്റർ പ്ലാൻ
## H.S. - Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. മോഡൽ നിർമ്മാണം | * പാഠപുസ്തകവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>* പാഠങ്ങളുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ ചെയ്ത് കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br>* ലഘു പ്രൊജക്ടുകൾ ചെയ്യുന്നു. മെച്ചമായത് സ്കൂളിൽ അവതരിപ്പിക്കുന്നു. | 1 year | സയൻസ് അധ്യാപകർ | പി.ടി.എ. |
| 2. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി | * വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കുന്നു. സയൻസ് ലാബിലെ വിവിധ മോഡലുകൾ ഈ അവസരത്തിൽ കുട്ടികളെക്കൊണ്ട് പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ഹൈടെക് വേൾഡ് | * ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്രമാസിക പ്രസിദ്ധീകരണം, സയൻസ് ലാബ്, ആധുനികവൽക്കരിക്കുന്നു. | 1 year | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| 4. പരിസ്ഥിതി സൗഹൃദ മനോഭാവം | * കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | 1 year | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| | * തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ. ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത സ്കൂൾ കാമ്പസ് | 1 year | സയൻസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. നേരറിവ് നേടൽ | * പുതുപുത്തൻ സാങ്കേതിക വിദ്യകൾ പരിചയപ്പെടുന്നു. സംസ്ഥാന/ജില്ലാ തല ക്വിസ്, സെമിനാർ, Still Model, Working Model എന്നിവയുടെ നിർമാണം, പ്രദർശനം | 1 year | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| 6. ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് ഇവ തയ്യാറാക്കൽ | * കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 1 year | സയൻസ് ക്ലബ്ബ് | പി.റ്റി.എ. |
| 7. പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | * അധ്യാപകൻ - കുട്ടി, കുട്ടി - കുട്ടി എന്നിങ്ങനെ വിവിധ തലത്തിൽ പരിശീലനം | 1 month | SRG | |
| 8. നേരറിവ് | * ശാസ്ത്രസംബന്ധമായ വീഡിയോസിന്റെ പ്രദർശനവും അവലോകനവും. | 1 month | Science Teacher | |

# മാസ്റ്റർ പ്ലാൻ
## H.S. - Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | * ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.eg. മ്യൂസിയം | പാഠപുസ്തക ബന്ധിതമായി ഇടയ്ക്കിടയ്ക്ക് നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സ്കൂൾ കുട്ടികൾ |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക. | * സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനം നടത്തുന്നു. ഇതിനായി സെമിനാറുകൾ സംഘടിപ്പിക്കുന്നു. | പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സുമനസ്സുകൾ |
| 3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ - നിരീക്ഷണം വളർത്തുക. | * സാമൂഹികശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു.<br>* ആകാശക്കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | * സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. അഭിനയത്തിലൂടെ സാമൂഹ്യപരിഷ്ക്കർത്താക്കളെ അവതരിപ്പിക്കുന്നു. | പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ദിനങ്ങളിൽ മാത്രം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 5. ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | * ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കുവാൻ സഹായിക്കുന്ന ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നു. Atlas, Map, globe എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | സ്കൂൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | * സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, എന്നിവയെക്കുറിച്ച് കൂടുതൽ ധാരണ നൽകുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | S.S. Club |
| 7. വ്യത്യസ്തതരം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | * വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും പഠിക്കാൻ അവസരം. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | S.S. Club |

# മാസ്റ്റർ പ്ലാൻ
## H.S. - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ചതുഷ്ക്രിയ അവബോധ പരിശോധനയും ആശയ ധാരണ കൈവരിക്കലും | * ഒപ്പത്തിനൊപ്പം ക്ലാസ് ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>* ക്ലബ്ബ് ഉദ്ഘാടനം | ജൂൺ | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | * ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ. | പി.ടി.എ. |
| 3. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | * ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | * ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ. |
| 5. അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി അടിസ്ഥാനം ഉറപ്പിക്കുന്നു. | * വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, ഗണിത അധ്യാപകർ | |
| 6. ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ് | * ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ. | പി.ടി.എ. |
| 7. ഗണിത ലാബ് | * ശില്പശാലകളിലൂടെ ലാബിലേയ്ക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്, ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ. | പി.ടി.എ. |
| 8. രക്ഷകർത്താക്കളെ ബോധവൽക്കരിക്കൽ | * മാസത്തിൽ ഒരു പി.ടി.എ. നടത്തുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, H.M., പി.ടി.എ. പ്രസിഡന്റ് | |

# Academic Activities

## 1. Monthly Test

- Scheme of Work അനുസരിച്ച് ഓരോ മാസവും പാഠഭാഗങ്ങൾ പഠിപ്പിക്കുകയും Monthly Test നടത്തുകയും ചെയ്യുന്നു.

## 2. Pre Test & Remedial Teaching

- ഓരോ പരീക്ഷക്കും മുമ്പായി ഒരു ടെസ്റ്റ് നടത്തി, പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് Remedial Teaching നൽകുന്നു.

## 3. USS

- കുട്ടികളെ Select ചെയ്തു. WhatsApp Group Form ചെയ്തു.
- Class Time: 3.30 pm to 4.15 pm (Daily)
- Parents Meeting
- പാഠഭാഗവുമായി ബന്ധപ്പെട്ട് Multiple Choice Question തയ്യാറാക്കി കുട്ടികൾതന്നെ Share ചെയ്യുന്നു.
- Class Test
- Special classes (Non Working days) - September Onwards
- January 2nd Week മുതൽ Daily Exam.
- Last month (Crash course)

## 4. NMMS

- 8 – ാം ക്ലാസ്സിൽ നിന്ന് കുട്ടികളെ Select ചെയ്തു. Group Form ചെയ്തു.
- Parents –നെ വിളിച്ച് ക്ലാസ് കൊടുക്കുന്നു.
- Time Table അനുസരിച്ച് ഓരോ വിഷയങ്ങൾക്കും Class കൊടുക്കുന്നു. (3.30 pm- 4.15 pm)
- Exam OMR മാതൃകയിൽ നടത്തുന്നു. ഓരോ യൂണിറ്റിൽ നിന്നും Multiple choice questions കുട്ടികൾ തന്നെ തയ്യാറാക്കുന്നു. Group –ൽ Share ചെയ്യുന്നു.
- 8 – ാം ക്ലാസിലെ പാഠഭാഗത്തോടൊപ്പം 7 – ലെ പുസ്തകങ്ങൾ കൂടി കുട്ടികൾക്ക് പഠനത്തിനായി നൽകുന്നു.

## 5. SSLC Exam

- പത്താം ക്ലാസിലെ പാഠഭാഗങ്ങൾ ഡിസംബർ മാസത്തിനകം പൂർത്തിയാക്കുന്നു. തുടർന്ന് Revision ആരംഭിക്കുന്നു. തുടർച്ചയായ പരീക്ഷകളിൽ പങ്കെടുപ്പിച്ച് കുട്ടിയെ പ്രധാന പരീക്ഷയ്ക്ക് ഒരുക്കുന്നു. കുട്ടികളെ പല ഗ്രൂപ്പുകളായി തിരിച്ച് ഡിസംബർ മുതൽ തീവ്രപരിശീലന പരിപാടി. കൃത്യമായ ഇടവേളകളിൽ ക്ലാസ് പി. ടി. എ.

## 6. Mathematics

- ചതുഷ്ക്രിയകൾ ഉറപ്പാക്കുന്നു. (August മുതൽ)
- Weak students –ന് Peer Group ന്റെ സഹായത്തോടെ Support നൽകുന്നു.

## 7. Malayalam

- യു. പി. ക്ലാസ്സുകളിലെ എല്ലാ കുട്ടികളും മലയാളം വായിക്കാനും എഴുതാനും പ്രാപ്തരാണ് എന്ന് ഉറപ്പുവരുത്തുന്ന പരിശീലന പരിപാടി (July) (Special class 3.30 pm - 4.15 pm)
- ഗ്രാമർ തീവ്രപരിശീലനം നൽകുന്നു.
- കൈയ്യക്ഷരം മനോഹരമാക്കാനുള്ള പരിശീലനം

## 8. Hindi

- Weak Students –ന് Special class (July) (Time: 8.45 am - 9.15 am)

## 9. English

- Enlish speaking classroom enviornment (July)
- Peer group teaching
- Spell Bee - Vocabulary Enrichment Programme

## 10. Science

- പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രപഠനം (August)
- ശാസ്ത്ര തത്വങ്ങളെ പ്രകൃതിയുമായി ബന്ധിപ്പിക്കൽ
- അനുദിന ജീവിത സഹചര്യങ്ങളിൽ പഠിച്ച ശാസ്ത്ര തത്വങ്ങളെ പ്രയോജനപ്പെടുത്തുക. ഗവേഷണത്വര വർധിപ്പിക്കുക.

## 11. Social Science

- Daily G.K.
- പ്രാദേശിക ചരിത്രരചന (June)

## 12. Discipline

- ക്ലാസ് റൂമിനകത്തും പുറത്തും അച്ചടക്കം പാലിക്കുന്നതിന് പ്രത്യേക പദ്ധതികൾ.
- മുഴുവൻ കുട്ടികളെയും നാലു ഗ്രൂപ്പുകളായി തിരിച്ച് പോസിറ്റീവ് പോയിന്റ് - നെഗറ്റീവ് പോയിന്റ് സിസ്റ്റം ഏർപ്പെടുത്തുന്നു.
- നാലു ഗ്രൂപ്പുകൾക്കും ടീച്ചർ ആനിമേറ്റർ.
- 4 - 5 അധ്യാപകർ ഓരോ ഗ്രൂപ്പിലും അംഗങ്ങൾ.
- പോസിറ്റീവ് - നെഗറ്റീവ് പോയിന്റ്സ് കിട്ടുന്ന മാർഗനിർദ്ദശങ്ങൾ സ്കൂൾ ഡയറിയിൽ ഉൾപ്പെടുത്തി കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ലഭ്യമാക്കുന്നു.
- Emotional Support ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക കൗൺസിലിംഗ് ലഭ്യമാക്കും

## Non-Academic Activities

### 1. അബാക്കസ്

അവധിക്കാലത്ത് ആരംഭിച്ചു. June മുതൽ തിങ്കളാഴ്ച ദിവസങ്ങളിൽ 3.00 pm മുതൽ 4.30 pm വരെ നടത്തുന്നു.

### 2. കരാട്ടെ

പരിശീലന സമയം Friday 2.30 pm മുതൽ 3.45 pm വരെ (July)

### 3. ചെസ്

താത്പര്യമുള്ള കുട്ടികൾക്ക് ക്ലാസ് സമയത്തിനു ശേഷം Practice നൽകുന്നു.

### 4. ശാസ്ത്രമേള

Science, Maths, Social Science, Work Experience മേളകളിൽ പങ്കെടുപ്പിക്കുന്നു.

### 5. രചനാമത്സരങ്ങൾ

English, Malayalam, Hindi എന്നിവയുടെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. (Sept., Oct.)

### 6. Exhibition

Science, Maths, Social Science, Work Experience എന്നിവയുടെ item തിരിച്ചുള്ള പ്രദർശനം സംഘടിപ്പിക്കുന്നു. (Oct.)

## 7. KCSL & DCL

ഉദ്ഘാടനം (July), ആദ്യവെള്ളി ആചരണം (എല്ലാ മാസവും), തിരുഹൃദയ പ്രതിഷ്ഠ (June), വാർഷിക ധ്യാനം, Alphonsa Colouring (July). Study Circle – ന് ഒരുക്കം, കലാമത്സരങ്ങൾ, ബൈബിൾ ക്വിസ്, സാഹിത്യമത്സരങ്ങൾ എന്നിവയ്ക്ക് വേണ്ടി ഒരുക്കങ്ങൾ തുടങ്ങുന്നു. (August)

> ഫുട്ബോൾ മത്സരം
> Care Home: പഠനോപകരണ സമാഹരണം (September)
> ക്രിസ്തുമസ് ആഘോഷം, മത്സരങ്ങൾ, കരോൾ, സ്കിറ്റ് (December)
> ഭവനസന്ദർശനം, രോഗീസന്ദർശനം (January)

## 8. സ്കൂൾ അസംബ്ലി

ഓരോ ആഴ്ചയിലേയും സ്കൂൾ അസംബ്ലിക്ക് ഓരോ ക്ലാസ്സുകാർക്ക് അവസരം നൽകുന്നു. വിശേഷാൽ ദിവസങ്ങളിലും ദിനാചരണങ്ങളോടനുബന്ധിച്ചും സ്പെഷ്യൽ അസംബ്ലി.

## 9. Little Kites

> Board സ്ഥാപിക്കുന്നു.
> School Wiki - Site Updation ( June)
> Little Kite Wiki - Accademic Master Plan
> ദിനാചരണങ്ങൾ Documentation (July)
> School Parliament Election (August)
> 9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് Robotics Class, Demonstration (Sept., Oct.)
> ഭിന്നശേഷി കുട്ടികൾക്ക് ക്ലാസ്സ്, എക്സിബിഷൻ, ക്വിസ് (Nove., Dec.)
> Monthly News സംപ്രേഷണം (Jan., Feb.)

## 10. JRC

> ആഴ്ചയിൽ ഒരു ദിവസം യൂണിഫോമിൽ വരണം.
> പുതിയ JRC അംഗങ്ങളുടെ തെരഞ്ഞെടുപ്പ്.
> സ്കൂളിലെ മുഴുവൻ കുട്ടികൾക്കും First Aid Class.
> കുട്ടികളുടെ വീടുകളിലെ കുടിവെള്ളഗുണനിവാര പരിശോധന പ്രൊജക്ടിന് നേതൃത്വം നൽകുന്നു.

## 11. Noon Meal

> സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ PTA, MPTA, പഞ്ചായത്തംഗങ്ങൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
> നിലവിലുള്ള മെനു കൂടാതെ മാസത്തിലൊരിക്കൽ മത്സ്യമാംസാദികൾ ഉൾപ്പെടുത്തണം.
> ഓണത്തിന് കുട്ടികൾക്ക് പായസമുൾപ്പെടെ വിഭവസമൃദ്ധമായ ഓണസദ്യ നൽകണം.

## 12. Oratory Club

> കുട്ടികളെ Select ചെയ്തു. Group Form ചെയ്തു.
> പ്രസംഗമത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.
> പരമാവധി കുട്ടികൾക്ക് Support ചെയ്ത് അവസരങ്ങൾ നൽകുന്നു.
> ചെറിയ പ്രസംഗങ്ങൾ നൽകി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.
> Writing Pad with School Logo
> അസംബ്ലിയിൽ അവസരം നൽകുന്നു.

## 13. Quiz Club

> ക്വിസ് ക്ലബിലെ അംഗങ്ങൾക്കായി Group Form ചെയ്തിട്ടുണ്ട്.
> ആ ഗ്രൂപ്പിൽ ഓരോ ദിവസത്തെയും പ്രത്യേകതകൾ അനുസരിച്ച് ചോദ്യങ്ങൾ ഇടുന്നു.
> എല്ലാ ദിവസത്തെയും പത്രം വായിച്ച് കുറിപ്പ് തയ്യാറാക്കാൻ കുട്ടികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.
> ഒരാഴ്ചയിൽ Whatsapp Group – ൽ നൽകുന്ന ചോദ്യങ്ങളും പത്രത്തിലെ ചോദ്യങ്ങളും വെള്ളിയാഴ്ച Last Period ക്വിസ് സംഘടിപ്പിക്കുന്നു.

> സ്കൂളിലെ മുഴുവൻ കുട്ടികൾക്കുംവേണ്ടി പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെയുള്ള പത്രങ്ങളിലെ വാർത്തകളെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ ഇടുന്നു. കുട്ടികൾ വെള്ളിയാഴ്ച ഉച്ചക്ക് മുമ്പായി ചോദ്യങ്ങളുടെ ഉത്തരങ്ങൾ സ്കൂളിൽ വച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുന്നു. അതിൽനിന്ന് നറുക്കിട്ട് വിജയികളെ കണ്ടെത്തുന്നു.

> വിവിധ ക്വിസ് മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.

## 14. ലഹരിവിരുദ്ധ ക്ലബ്

> ലഹരിവിരുദ്ധ ദിനാചരണം : പാലാ കെ. എസ്. ആർ. ടി. സി. – യിൽ ഫ്ലാഷ് മോബ് നടത്തി.

> Excise – ൽ നിന്നുള്ള ലഹരിവിരുദ്ധ ക്ലാസ്

> അഡ്വാർട്ടിന്റെ നിർദ്ദേശമനുസരിച്ച് പ്രസംഗമത്സരം നടത്തുന്നു. (July)

> ഒക്ടോബർ മാസത്തിൽ ഗാന്ധിദർശൻ ക്വിസ് നടത്തുന്നു.

> വിമുക്തി മിഷൻ നൽകുന്ന നിർദ്ദേശമനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

## 15. Teen Club & Health Club

> ഹെൽത്തുമായി ബന്ധപ്പെട്ട ക്ലാസ്, First aid class, Counselling (പുറത്തുനിന്ന് ആളെ വരുത്തി),

> Dry Day (Once in a Month), Career Guidance (പെൺകുട്ടികൾക്ക് പ്രത്യേകം)

## 16. Library

> അമ്മ ലൈബ്രേറിയൻ (MPTA)

> കുട്ടി ലൈബ്രേറിയൻ – ഇടവേളകളിൽ കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്യുന്നതിനായി കുട്ടികളെ നിയോഗിക്കുന്നു.

## 17. Youth Festival

> ഹൗസ് അടിസ്ഥാനത്തിൽ കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നു (2nd Term).

> ആദ്യസ്ഥാനം ലഭിക്കുന്നവരെ ഉപജില്ലാ മത്സരങ്ങളിൽ പ്രത്യേക പരിശീലനം നൽകി പങ്കെടുപ്പിക്കുന്നു.

> സ്റ്റേറ്റ് ലെവലിൽ കുട്ടികളെ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദഗ്ദ്ധരെ പരിശീലനത്തിന് ഏർപ്പെടുത്തുന്നു.

> സാഹിത്യകലാമത്സരത്തിനായി നിരന്തരമായി പരിശീലനം നൽകുന്നു.

## 18. Sports

> Football Handball & Softball Training

> Sports Meet (Second Term)

## 19. Guiding

> തൃദ്വിയ സോപാൻ ടെസ്റ്റ് ക്യാമ്പിന് സ്കൂൾ ആതിഥേയത്വം വഹിക്കുന്നു.

> Scout & Guide ദിനാചരണങ്ങൾ നടത്തുന്നു.

## 20. സർഗവേള

> കുട്ടികളിലെ സർഗവാസനകൾ വളർത്തുന്നതിനും മാനസികോല്ലാസം നൽകുന്നതിനുമായി വെള്ളിയാഴ്ച അവസാനത്തെ പീരിയഡ് കലാപരിപാടികൾ സംഘടിപ്പിക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദി നേതൃത്വം നൽകുന്നു.

## 21. വിദ്യാരംഗം കലാസാഹിത്യവേദി

> വായനവാരാചരണം നടത്തി.

> പുസ്തകാസ്വാദന മത്സരം നടത്തി. BRC ലെവലിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.

> ശില്പശാല നടത്തുന്നു.

> കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

## 22. Hindi Club

> യൂത്ത് ഫെസ്റ്റിവലിൽ ഹിന്ദി ഇനങ്ങൾക്ക് പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു.

> മാസത്തിൽ ഒരു ഹിന്ദി അസംബ്ലി നടത്തുന്നു.

> ഹിന്ദി ദിവസ് വിവിധ മത്സരങ്ങളോടെ ഒരാഴ്ച സംഘടിപ്പിക്കുന്നു.

## 23. English Club

> English Time എന്ന WhatsApp Group-ൽ ഇംഗ്ലീഷ് റേഡിയോ ന്യൂസ് എല്ലാ ദിവസവും നൽകുകയും ന്യൂസ് റിപ്പോർട്ട് തയ്യാറാക്കാൻ അവസരം നൽകുകയും ചെയ്യുന്നു.
> ഇംഗ്ലീഷ് പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇംഗ്ലീഷ് മൂവി ഫെസ്റ്റ് നടത്തുന്നു.
> English Day : ഇംഗ്ലീഷിൽ ഉള്ള വിവിധ കലാപരിപാടികളോടെ English Day ആചരിക്കുന്നു.
> Short Film നിർമ്മിക്കാൻ ലക്ഷ്യമിടുന്നു.

## 24. Malayalam Club

> ദിനാചരണങ്ങൾ, അസംബ്ലി, ഓണം, കേരളപ്പിറവി

## 25. Science Club

> ഔഷധത്തോട്ട നിർമ്മാണം (സ്ഥലലഭ്യത അനുസരിച്ച്), സയൻസ് എക്സിബിഷൻ

## 26. Social Science Club

> ദിനാചരണങ്ങൾ, എക്സിബിഷൻ, ചരിത്രസ്മൃതി പ്രദർശനം (Sept.), ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ (Jan.), ഫുഡ് ഫെസ്റ്റ് (Nov.)
> സാമൂഹ്യപ്രശ്നങ്ങളെ എങ്ങനെ നേരിടാം എന്ന വിഷയത്തെ ആസ്പദമാക്കി പ്രഗത്ഭരുടെ ക്ലാസ് (Oct.)

## 27. Mathematics Club

> ഗണിതലാബ് തയ്യാറാക്കൽ (Students, PTA & Management)
> Mathematics Exhibition

## 28. പ്ലാസ്റ്റിക് വിമുക്ത കാമ്പസ്

> സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കാൻ കർമ്മപദ്ധതി. പ്ലാസ്റ്റിക് കൂടുകളും മറ്റും സ്കൂളിലേക്ക് കൊണ്ടുവരാതിരിക്കാൻ പ്രേരിപ്പിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രത്യേകമായി വേസ്റ്റ് ബിൻ സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ സജ്ജീകരിച്ചിരിക്കുന്നു.

## Caring & Sharing for Collective Spiritual Growth

> മാസാദ്യ വെള്ളി ആചരണം
> വിശുദ്ധ കുമ്പസാരം, വിശുദ്ധ കുർബാന, വാർഷിക ധ്യാനം, മോറൽ ക്ലാസ്
> ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് നിർദ്ധനരായ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് സമ്മാനങ്ങൾ കൈമാറുന്നു.
> മാസത്തിലൊരു ദിവസം Poor Fund Collection. അർഹരായ കുട്ടികളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ആ തുക ഉപയോഗിക്കുന്നു.
> വീടില്ലാത്ത ഒരു വിദ്യാർഥിക്ക് വാസയോഗ്യമായ വീട് നിർമ്മിച്ചു നൽകുന്നു.
> അഗതിമന്ദിരങ്ങളിൽ പൊതിച്ചോർ വിതരണം.
> കിടപ്പുരോഗികളുള്ള കുട്ടികളുടെ വീടുകൾ സന്ദർശിച്ച് പറ്റുന്ന സഹായം നൽകുന്നു.
> പൊതുവിദ്യാഭ്യാസ മേഖലയിൽ ആദ്യമായി ഭിന്നശേഷി വിദ്യാർഥികൾക്കായി സ്കോളർഷിപ്പ് (1 ലക്ഷം രൂപ)
> Use & Throw സംസ്കാരത്തിന് ഒരു ബദൽ

അധ്യാപകരുടെയും വിദ്യാർഥികളുടെയും വീടുകളിൽനിന്ന് അവർക്ക് ആവശ്യമില്ലാത്തതും എന്നാൽ ഉപയോഗയോഗ്യമായതുമായ വസ്തുക്കൾ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു.

## ദിനാചരണങ്ങൾ – ആഘോഷങ്ങൾ

ജൂൺ 5 പരിസ്ഥിതിദിനം
ജൂൺ 15 പിതൃദിനം
ജൂൺ 19 വായനദിനം
ജൂൺ 26 ലഹരിവിരുദ്ധദിനം
ജൂലൈ 21 ചാന്ദ്രദിനം
ആഗസ്റ്റ് 6 ഹിരോഷിമദിനം
ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യ & നാഗസാക്കി ദിനം
ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം
ആഗസ്റ്റ് 29 ദേശീയ കായികദിനം
സെപ്റ്റംബർ 5 അധ്യാപകദിനം
സെപ്റ്റംബർ 14 ദേശീയ ഹിന്ദിദിനം
ഒക്ടോബർ 1 ലോകവൃദ്ധദിനം
ഒക്ടോബർ 2 ഗാന്ധിജയന്തി
ഒക്ടോബർ 4 ലോകപുഞ്ചിരിദിനം
ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാദിനം
ഒക്ടോബർ 17 ആയുർവേദ ദിനം
നവംബർ 1 കേരളപ്പിറവി
നവംബർ 7 സ്കൗട്ട് & ഗൈഡ് സ്ഥാപകദിനം
നവംബർ 14 ശിശുദിനം
നവംബർ 27 ആയോധന അഭ്യാസദിനം
ഡിസംബർ 22 ദേശീയഗണിതദിനം
ജനുവരി 26 റിപ്പബ്ലിക്ദിനം
ജനുവരി 30 രക്തസാക്ഷിദിനം

## ഓണം

2025 – ലെ ഓണം സ്കൂളിലെ ഏറ്റവും വലിയ ആഘോഷമായി കൊണ്ടാടാൻ തീരുമാനിച്ചു. സ്കൂളിലെ എല്ലാ വിദ്യാർഥികളുടെയും മാതാപിതാക്കളെ പങ്കെടുപ്പിച്ച് അവരുടെ സഹകരണത്തോടെ ആഘോഷം നടത്തും. കുട്ടികൾക്കുള്ള വിവിധ മത്സരങ്ങൾക്ക് പുറമേ മാതാപിതാക്കൾക്കൾക്കായി മത്സരങ്ങൾ സംഘടിപ്പിക്കും. ബഹു. മാനേജർ, വൈദികർ, അധ്യാപകർ, വിദ്യാർഥികൾ, മാതാപിതാക്കൾ സ്കൂളിനെ സ്നേഹിക്കുന്ന അഭ്യുദയകാംക്ഷികൾ, പൗരപ്രമുഖർ, എന്നിവർ ഒരുമിച്ച് ഓണസദ്യയിൽ പങ്കെടുക്കും. ഏറ്റവും അനുയോജ്യനായ പൊതുജനശ്രദ്ധ ലഭിക്കുന്ന ഒരു വ്യക്തിയെ മുഖ്യാതിഥിയായി പങ്കെടുപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നു.

## ക്രിസ്തുമസ്

വിവിധയിനം മത്സരങ്ങളോടെയും വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെയും ക്രിസ്തുമസ് ആഘോഷിക്കാൻ തീരുമാനിച്ചു. അനുയോജ്യനും, പ്രശസ്തനുമായ വ്യക്തിയെ മുഖ്യാതിഥിയായി പങ്കെടുപ്പിക്കണമെന്ന് ആഗ്രഹിക്കുന്നു. പി.റ്റി.എ., എം.പി.റ്റി.എ. സഹകരണത്തോടെ നിർധനരായ കുട്ടികളുടെ കുടുംബങ്ങൾ സന്ദർശിക്കാനും സമ്മാനങ്ങൾ വിതരണം ചെയ്യാനും തീരുമാനിച്ചു. ഫീഡിങ് സ്കൂളുകൾ സന്ദർശിച്ച് സമ്മാനങ്ങൾ വിതരണം ചെയ്യാനും തീരുമാനമെടുത്തു.

## ബെനഫാക്ടേഴ്സ് മീറ്റ്

സ്കൂളിനെ സ്നേഹിക്കുകയും കാലാകാലങ്ങളിൽ പിന്തുണ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സുമനസ്സുകളുടെ ഒരു കൂട്ടായ്മ സ്കൂളിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു. വിവിധ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നവർ, സ്കൂളിന്റെ പ്രവർത്തനങ്ങളിൽ എല്ലാത്തരത്തിലുമുള്ള ബാഹ്യപിന്തുണ നൽകുന്നവർ, മാർഗനിർദ്ദേശം നൽകുന്നവർ തുടങ്ങിയവരുടെ ഒരു കൂട്ടായ്മ സംഘടിപ്പിക്കാനും ഉന്നതസ്ഥാനത്തുള്ള ഒരു വ്യക്തിയെ മുഖ്യാതിഥിയായി പങ്കെടുപ്പിച്ച് സ്കൂളിനെ സ്നേഹിക്കുന്നവരെ ആദരിക്കാനും തീരുമാനിച്ചു.

2025 – 26 അധ്യയനവർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന

# തനത് പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| ലഹരിവിരുദ്ധ ബോധവത്ക്കരണം | ഫ്ളാഷ്മോബ് | ജൂൺ 26 | ലഹരിവിരുദ്ധ ക്ലബ്, JRC, Guiding, Little Kites | Lions Club |
| പരസ്നേഹം വളർത്തുക സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുക | Poor Fund Collection | മാസത്തിൽ ഒന്ന് | Class Teachers | PTA |
| നമ്മുടെ കുട്ടികൾ കുടിക്കാനുപയോഗിക്കുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക | ആരോഗ്യം ശുദ്ധജലത്തിലൂടെ (സ്കൂളിലെ മുഴുവൻ കുട്ടികളുടെയും വീടുകളിൽനിന്ന് കിണർവെള്ളത്തിന്റെ സാമ്പിൾ ശേഖരിക്കുന്നു. HSS ലാബിൽ പരിശോധിച്ച് ശുചിത്വ മിഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നു) | ജൂലൈ 2 മുതൽ | JRC<br>NSS<br>Health Centre | |
| ലഭ്യമായ ചുറ്റുപാടുകളിൽനിന്ന് കൃഷിയിലൂടെ സ്വയംപര്യാപ്തത | ചെണ്ടുമല്ലി കൃഷി (ജൂലൈയിൽ തുടങ്ങി ഓണവിപണി ലക്ഷ്യം വച്ച്) | ജൂലൈ | Teachers,<br>Students,<br>PTA | PTA |
| കുട്ടികളിൽ സാമൂഹികാവബോധം വളർത്താൻ | ജയിൽ സന്ദർശനം | ജൂലൈ | ലഹരി വിരുദ്ധ ക്ലബ്, JRC Guiding, Social Science Club | PTA & Management |
| സ്വയംതൊഴിലിലൂടെ സ്വയംപര്യാപ്തത | തയ്യൽ, ഇലക്ട്രിക്, പ്ലംബിംഗ് പരിശീലനങ്ങൾ. പച്ചക്കറികൃഷി, വാഴകൃഷി (ലൈഫ് പദ്ധതിയുടെ പ്രായോഗികതലം) | ജൂൺ മുതൽ | Staff and Students | PTA,<br>Management,<br>Alumni |

## 2025 – 26 അധ്യയനവർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന

# തനത് പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| സഹാനുഭൂതി, പരസ്നേഹം പ്രോത്സാഹനം | പൊതിച്ചോർ ശേഖരണം (രാമപുരം കുഞ്ഞച്ചൻ മിഷനറി, മുണ്ടുപാലം സ്നേഹാലയം, ചെത്തിമറ്റം ദേവദാൻ സെന്റർ, കൊച്ചിടപ്പാടി പൈകടാസ്, അന്തിനാട് ശാന്തിനിലയം, ഉള്ളനാട് ശാന്തിഭവൻ, കടനാട് പുവർഹോം, മരിയ സദനം എന്നിവിടങ്ങളിലേക്ക്) | ജൂലൈ മുതൽ എല്ലാ നാലാം വെള്ളിയാഴ്ചയും | JRC, KCSL | വിൻസെന്റ് ഡി പോൾ സൊസൈറ്റി കടനാട്, Lions Club kollappally |
| സ്ത്രീശാക്തീകരണം | Anchoring Training സ്ത്രീശാക്തീകരണം, ആത്മവിശ്വാസത്തോടെ മറ്റുള്ളവരെ അഭിമുഖീകരിക്കാൻ പ്രാപ്തമാക്കുക, കരിയർ ഓറിയന്റേഷൻ കൊടുക്കുക (അൽഫോൻസാ കോളേജുമായി സഹകരിച്ച് പെൺകുട്ടികൾക്കു മാത്രം) | ആഗസ്റ്റ് മുതൽ | English Club, Alphonsa College, Oratory Club | PTA, Management |
| ജലസ്രോതസ്സ് സംരക്ഷണം, സാമൂഹ്യസേവനം | കുളം ദത്തെടുക്കൽ (പുനലൂർ – മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയിൽ പ്രവിത്താനത്തുള്ള മുഖ്യജലസ്രോതസ്സായ അല്ലാപ്പാറ കുളം വൃത്തിയാക്കുന്നു. കുട്ടികൾ കുളത്തിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി കുളം നവീകരിക്കുന്നു. | ആഗസ്റ്റ് | PTA, പഞ്ചായത്ത് | PTA, Management, |

## 2025 – 26 അധ്യയനവർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന

# തനത് പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| സാമൂഹ്യസേവനം, ആതുരശുശ്രൂഷ | രോഗീസന്ദർശനം (കിടപ്പുരോഗികളുള്ള കുട്ടികളുടെ വീടുകൾ സന്ദർശിച്ച് കഴിയുന്ന സഹായം ചെയ്യുന്നു. | സെപ്റ്റംബർ മുതൽ | JRC, Guiding, Health Club | MPTA |
| വെള്ളത്തിൽ വീണുണ്ടാകുന്ന അപകടങ്ങളിൽനിന്ന് രക്ഷനേടാൻ | നീന്തൽ പരിശീലനം (ചൂണ്ടച്ചേരിയിലുള്ള ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള നീന്തൽ കുളത്തിൽ പരിശീലനം | സെപ്റ്റംബർ മുതൽ | സ്പോർട്സ് ക്ലബ്, ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് | PTA |
| ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാൻ | ജൈവകമ്പോസ്റ്റ് നിർമ്മാണം (സ്കൂൾ അടുക്കളയിലെ വേസ്റ്റ് അടുക്കളത്തോട്ടത്തിലേക്കുള്ള വളമാക്കി മാറ്റുന്നു) | ജൂലൈ മുതൽ | സയൻസ് ക്ലബ്, ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത്, മാനേജ്മെന്റ് |
| ലഹരിവിമുക്ത കുടുംബാന്തരീക്ഷം സൃഷ്ടിക്കൽ, സാമൂഹ്യസേവനം | സ്കൂളിലെ കുട്ടികളുടെ കുടുംബങ്ങൾ ലഹരി വിമുക്തമാക്കൽ (കുട്ടികൾക്കിടയിൽനിന്ന് രഹസ്യമായി ലഹരി ഉപയോഗത്തിന്റെ ബുദ്ധിമുട്ടുകളനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി ബോധവത്കരണ ക്ലാസ്സുകളിലൂടെയും ആവശ്യമെങ്കിൽ ഡിഅഡിക്ഷൻ സെന്ററിന്റെ സഹകരണത്തോടെയും ലഹരിവിമുക്തമാക്കാനുള്ള ശ്രമം) കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് ബോധവത്കരണ ലഘുലേഖകൾ അധ്യാപകർ വിതരണം ചെയ്യുന്നു | ജൂലൈ മുതൽ ആരംഭിച്ച് നവംബർ ഒന്നിന് സമ്പൂർണ്ണ ലഹരിവിരുദ്ധ കുടുംബങ്ങളുള്ള സ്കൂളായി പ്രഖ്യാപിക്കുന്നു | ലഹരിവിമുക്ത ക്ലബ്, ക്ലാസ് ടീച്ചേഴ്സ്, PTA അഡാർട്ട് | PTA മാനേജ്മെന്റ് അഡാർട്ട് പാലാ |

## 2025 – 26 അധ്യയനവർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന

# തനത് പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| കൃഷി ആഭിമുഖ്യം വളർത്തൽ, ഔഷധം കൂടിയായ ശുദ്ധമായ തേൻ ലഭ്യമാക്കൽ | തേനീച്ച കൃഷി (ഓരോ വീട്ടിലും ഒരു തേനീച്ചപ്പെട്ടി യെങ്കിലും സ്ഥാപിക്കാനു ള്ള ശ്രമം) | ആഗസ്റ്റ് മുതൽ | കാർഷിക ക്ലബ്<br>PTA | PTA |
| നാടൻരുചി വൈവി ധ്യത്തെക്കുറിച്ച് അറിവ് നേടുന്നു. 'ഫാസ്റ്റ് ഫുഡ്' സംസ്കാരത്തിന്റെ ദോഷങ്ങൾ ബോധ്യ പ്പെടുത്താൻ സഹാ യിക്കുന്നു. | ഫുഡ് ഫെസ്റ്റ് (വീടുക ളിൽത്തന്നെ ഉണ്ടാക്കു ന്ന നാടൻ പലഹാര ങ്ങൾ കുട്ടികൾ വീടു കളിൽനിന്ന് ശേഖരിച്ച് പ്രദർശനം നടത്തുന്നു) | സെപ്റ്റംബർ | Social Science Club<br>PTA | PTA & MPTA |
| സാഹിത്യാഭിരുചി വർദ്ധിപ്പിക്കാൻ | മഹാകവി പി. എം. ദേവസ്യ മെമ്മോറിയൽ അഖില കേരള കവിത രചന മത്സരം | നവംബർ | വിദ്യാരംഗം കലാസാഹിത്യവേദി | നാല് കുടുംബങ്ങൾ |
| ആയോധനകലകളിൽ അറിവും താത്പര്യ വും വർദ്ധിപ്പിക്കാൻ | Martial Arts Day (സ്കൂളിൽ ആയോധന കലകൾ പരിശീലിക്കു ന്ന കുട്ടികളുടെ പ്രകടനം) | നവംബർ 27 | Staff, Students | PTA |
| തൊഴിൽമേഖലകൾ പരിചയപ്പെടാനുള്ള അവസരം | ഫാക്ടറി സന്ദർശനം (പ്രാദേശിക സംരഭ ങ്ങൾ പരിചയപ്പെടൽ | ഡിസംബർ | Social Science Club<br>ഗൈഡിംഗ് | PTA, Management |
| ചരിത്രാവബോധം വളർത്തൽ | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സന്ദർശനം | ഡിസംബർ, ജനുവരി | Social Science Club | PTA, Management, |

### 2025 – 26 അധ്യയനവർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന

## തനത് പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| സാമൂഹ്യസേവനം, പരസ്നേഹം വളർത്തൽ | വാസയോഗ്യഭവനം (സ്കൂളിലെ ഭവനരഹിതരായ കുട്ടികളെ കണ്ടെത്തുകയും അവരിൽ ഒരാളുടെയെങ്കിലും വീട് അടച്ചുറപ്പോടെ വാസയോഗ്യമാക്കുകയും ചെയ്യും) | | PTA | PTA, മാനേജ്മെന്റ്, സന്നദ്ധസംഘടനകൾ, പൂർവവിദ്യാർഥികൾ |
| കൃഷിയിൽ താൽപര്യം വളർത്തൽ | സ്കൂളിൽ പച്ചക്കറി തോട്ടം, വീടുകളിൽ അടുക്കളത്തോട്ടം | ആഗസ്റ്റ് – സെപ്റ്റംബർ | PTA | PTA |
| കുട്ടിയെ അറിയുക, കുടുംബത്തെ അറിയുക | മുഴുവൻ കുട്ടികളുടെയും ഭവനസന്ദർശനം | ജൂലൈ – ഡിസംബർ | Teachers | Teachers |
| ഭിന്നശേഷി കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | ഫെബ്രുവരി | Teachers | പൂർവവിദ്യാർഥി |
| സ്കൂളിലെ എല്ലാ കുട്ടികളെയും സൈക്ലിംഗ് പഠിപ്പിക്കുക. ഭാവിയിൽ ഇരുചക്ര വാഹനം ഓടിക്കുന്നതിന് ആത്മവിശ്വാസം കൊടുക്കുക | സൈക്കിൾ ക്ലബ് | ജൂൺ – മാർച്ച് | Teachers<br>ക്ലബ് ഭാരവാഹികൾ | പൊതുസമൂഹം, അഭ്യുദയകാംക്ഷികൾ |

## ഉപസംഹാരം

കൂട്ടായ്മയുടെയും പരസ്പര സഹകരണത്തിന്റെയും നേർസാക്ഷ്യമാണ് ഈ മാസ്റ്റർ പ്ലാൻ. പാഠ്യ-പാഠ്യേതര വിഷയങ്ങളുടെ കൃത്യവും സമഗ്രവും സന്തുലിതവുമായ ഉൾച്ചേരലിലൂടെ പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിനെ ഈ പ്രദേശത്തിന്റെ തന്നെ വിദ്യാഭ്യാസ സൂചികയായി അടയാളപ്പെടുത്തുന്ന തരത്തിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിദ്യാർഥി കേന്ദ്രീകൃതവും മാനേജ്മെന്റ് - സ്റ്റാഫ് - പി.ടി.എ. - എം.പി.ടി.എ. - പൊതുസമൂഹം എന്നിവയുടെ പിന്തുണയോടെയും സഹകരണത്തോടെയും ലക്ഷ്യത്തിലെത്തുന്ന ഒരു പദ്ധതിയാണിത്. തനത് പ്രവർത്തനങ്ങളുടെ സാന്നിധ്യം സ്കൂളിന്റെ അനന്യത പ്രകടമാക്കുന്ന രീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഒന്നൊന്നിന് പകരം നിൽക്കാനാവാത്തതും, എല്ലായ്പ്പോഴും കൂട്ടുത്തരവാദിത്വത്തിൽ ചരിക്കേണ്ടതുമായ 'പഞ്ചേന്ദ്രിയ'ങ്ങളാലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### 1. മാനേജ്മെന്റ്

വെരി.റവ.ഫാ. ജോർജ് വേലൂപ്പറമ്പിൽ നേതൃത്വം കൊടുക്കുന്ന ശക്തമായ മാനേജ്മെന്റ് സംവിധാനം സ്കൂളിന്റെ പ്രവർത്തനങ്ങളെ ഏറെ സഹായിക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള മാനേജരച്ചന്റെ പ്രവർത്തനങ്ങൾ സ്കൂളിന് സമൂഹമധ്യത്തിൽ വേറിട്ട മുഖം നൽകുന്നു. വിദ്യാർഥികൾക്ക് പ്രചോദനം നൽകാനുതകുന്ന ഉന്നത വ്യക്തിത്വങ്ങളെ സ്കൂളിലെ പൊതുപരിപാടികൾക്കായി കൊണ്ടുവരുന്നതിനുള്ള അച്ചന്റെ താല്പര്യം പ്രശംസനീയമാണ്. കാലാനുസൃതമായ മാറ്റങ്ങളിലൂടെ പ്രവിത്താനം സെന്റ് മൈക്കിൾസിനെ പാലാ രൂപതയിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ കേന്ദ്രമായി മാറ്റാനുള്ള ബഹുമാനപ്പെട്ട മാനേജരച്ചന്റെ നിതാന്ത പരിശ്രമവും സജീവ ഇടപെടലും ഈ മാസ്റ്റർ പ്ലാനിൽ സ്വാധീനം ചെലുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട ജോർജ് വേലൂപ്പറമ്പിൽ അച്ചന്റെ സ്വപ്നമാണ് - ഒരേ കാമ്പസിൽ പ്രവർത്തിക്കുന്ന 3 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, ഒരുമിച്ചുള്ള വളർച്ച. ഈ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപക-അനധ്യാപകരുടെ കൂട്ടായ്മ - ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനം. അധ്യാപകരുടെ ഒരുമിച്ചുള്ള യാത്രയും, ആഘോഷദിനങ്ങളിലെ ഒത്തുചേരലും, പരസ്പരം സഹകരിച്ച് നടത്താവുന്ന ഇൻ-സർവീസ് പ്രോഗ്രാമുകളും ഒരു കുടക്കീഴിലാണ് തങ്ങൾ എന്ന ചിന്ത സൃഷ്ടിക്കാൻ കാരണമാകും.

### 2. വിദ്യാർഥി സമൂഹം

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും വിദ്യാർഥി സമൂഹത്തിന് വേണ്ടിയുള്ളതും അവരെ മുന്നിൽ കണ്ടുള്ളതുമാണ്. മറ്റു വിദ്യാലയങ്ങളിൽനിന്ന് ഈ വിദ്യാലയത്തെ വ്യത്യസ്തമാക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ആദ്യന്തഫലം വിദ്യാർഥിയിലാണ് ഉണ്ടാവുക.

### 3. അധ്യാപക-അനധ്യാപക സമൂഹം

ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ചുക്കാൻ ഇവിടുത്തെ അധ്യാപക-അനധ്യാപകരുടെ കൈകളിലാണ്. ഒരേ മനസ്സോടെ, ഒരേ താളത്തിൽ, ഒരേ ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്ന ഇവിടുത്തെ അധ്യാപക-അനധ്യാപക സമൂഹം പ്രകടിപ്പിക്കുന്ന പരസ്പര സഹകരണവും പ്രോത്സാഹനവുമാണ് ഈ മാസ്റ്റർ പ്ലാനിനെ ഫലപ്രാപ്തിയിൽ എത്തിക്കുക. സ്കൂളിലെ വിവിധ ക്ലബ്ബുകളുടെയും, കൂട്ടായ്മകളുടെയും സാരഥ്യം വഹിക്കുന്ന അധ്യാപകർ തങ്ങളുടെ ചെറിയ കൂട്ടായ്മയിൽ ഉള്ള വിദ്യാർഥികളെ വ്യക്തിപരമായി അറിയുകയും പിന്തുണക്കുകയും ചെയ്യുന്ന മെന്റർ ആയി വർത്തിക്കുന്നു. അധ്യാപക-രക്ഷകർത്തൃ സമിതിയിൽനിന്ന് അധ്യാപകരെ വേർതിരിച്ച് ഒരു പ്രത്യേക തലക്കെട്ടിൽ പരാമർശിക്കുന്നത് ഈ പ്രാധാന്യം ഒന്നുകൊണ്ടുമാത്രം.

### 4. പി.ടി.എ. & എം.പി.ടി.എ.

അധ്യാപകരോട് ചേർന്ന് പ്രവർത്തിക്കുന്ന മാതാപിതാക്കളുടെ സാന്നിധ്യം ഈ സ്കൂളിന്റെ ഏറ്റവും വലിയ അനുഗ്രഹമാണ്. പരമാവധി പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും ആഘോഷങ്ങളിലും മാതാപിതാക്കളുടെ സാന്നിധ്യം ഉറപ്പാക്കുന്നു. അധ്യാപകരും മാതാപിതാക്കളും കൈകോർക്കുമ്പോൾ ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യത്തിൽ എത്തിച്ചേരും എന്നതിൽ തർക്കമില്ല.

### 5. പൊതുസമൂഹം

പൂർവവിദ്യാർഥികളും, നല്ലവരായ അഭ്യുദയകാംക്ഷികളും, ജനപ്രതിനിധികളും, വിവിധ സന്നദ്ധസംഘടനകളും, ക്ലബ്ബുകളും അടങ്ങിയ പൊതുസമൂഹം ഈ സ്കൂളിനെ എന്നും സഹായിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിലും, മാർഗനിർദേശങ്ങളും സാമ്പത്തികമായ പിന്തുണയും നൽകുന്നതിലും പൊതുസമൂഹം ശ്രദ്ധ പുലർത്തുന്നു.

## പരിമിതികൾ

കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളും അനുബന്ധ സാഹചര്യങ്ങളും, ഷെം മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ മാസ്റ്റർ പ്ലാനിന്റെ പ്രവൃത്തിമണ്ഡലത്തിൽ തടസ്സം സൃഷ്ടിച്ചേക്കാം. സ്വകാര്യ മേഖലയിൽ എല്ലാ സൗകര്യങ്ങളും ഒരുക്കി കാത്തുനിൽക്കുന്നവരോടാണ് മത്സരിച്ചു വിജയിക്കേണ്ടത് എന്ന ബോധ്യം വെല്ലുവിളിയായല്ല മറിച്ച് അവസരമായാണ് കരുതുന്നത്. ആത്മാർഥതയോടെയുള്ള കഠിനശ്രമവും, കൃത്യവുമായ പ്രവർത്തനങ്ങൾ വിജയത്തിൽ എത്തിക്കുക തന്നെ ചെയ്യും. മൺമറഞ്ഞുപോയവർ തങ്ങളുടെ കഠിനാധ്വാനത്തിലും തലമുറകളെ കരുതിയുള്ള ദീർഘവീക്ഷണത്തിലും കരുതലിലും ഒരുക്കിയ അടിത്തറയിലാണ് പാദമൂന്നിയിരിക്കുന്നതെന്ന തിരിച്ചറിവ് പരിമിതികളെ മറക്കാനുള്ള കരുത്താകുന്നു.

പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഈ മാസ്റ്റർ പ്ലാൻ പുതിയ ദിശാബോധം നൽകും എന്ന് പ്രതീക്ഷിച്ചുകൊണ്ട് പാലാ രൂപത കോർപ്പറേറ്റ് ഏജൻസി സെക്രട്ടറി വെരി.റവ.ഫാ. ജോർജ് പുല്ലുകാലായിൽ, സ്കൂൾ മാനേജർ വെരി.റവ.ഫാ. ജോർജ് വേളൂപ്പറമ്പിൽ, പി.ടി.എ., എം.പി.ടി.എ., പൊതുസമൂഹം മുമ്പാകെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

നന്ദിയോടെ,
**ജിനു ജെ. വല്ലനാട്ട്**
(ഹെഡ്മാസ്റ്റർ)